## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4969. 24.07.2015-ൽ മറുപടിക്ക്

### ഹെലിബറിയ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഹെലിബറിയ കുടിവെള്ള പദ്ധതി അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; നാളിതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇനി പൂർത്തീകരിക്കുവാനുള്ള വർക്കുകൾ എന്തൊക്കെയാണ് ; | (എ) | ഹെലിബറിയ കുടിവെള്ള പദ്ധതി അനുവദിച്ചത് 2000 ത്തിലാണ്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പൂർത്തീകരിക്കവാനുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1)പെരുവന്താനം -കൊക്കയാർ എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ജലമെത്തിക്കുന്നതിനുള്ള പദ്ധതി - 700 ലക്ഷം. ഇതിന്റെ 90% പണികൾ പൂർത്തീകരിച്ചു.<br><br>2)വണ്ടിപ്പെരിയാറും, പീരുമേടും ജലമെത്തിക്കുന്നതിനുള്ള പദ്ധതി - 900 ലക്ഷം ഇതിൽ ആകെ 15.41 കിലോ മീ. പ്രധാന മെയിനുകളുടെ ജോലികളും 22.15 കി.മീ. വിതരണ ശൃംഖലയുമാണുള്ളത്. വണ്ടിപ്പെരിയാറിനു വേണ്ടിയുള്ള ജോലികൾ കരാറുകാരനെ ഏൽപ്പിച്ച |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. പീരുമേടിനു വേണ്ടി യുള്ള പ്രവൃത്തിക്കായുള്ള ടെണ്ടറിന് 30.03.2015 ലെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി അനുമതി നൽകി യിരുന്നു. പ്രസ്തുത ടെണ്ടറിന്റെ എൻ.ഐ.റ്റി. പ്രകാരം കരാറു കാരന് പെർ ഫോർമൻസ് ഗ്യാരന്റി . അടയ്ക്കേണ്ട തായിരുന്നു. അത് ഒഴിവാക്കണ മെന്നുള്ള കരാറുകാരന്റെ അപേക്ഷ പരിശോധന യിലാണ്. |
| ബി) | പദ്ധതിയിൽ വിഭാവനം ചെയ്ത വർക്കുകൾ പൂർത്തീകരിച്ച് എത്ര സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി 31.05.2016 ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| സി) | പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്? | സി) | പ്രസ്തുത പദ്ധതിക്കായി ഇതു വരെ മൊത്തം 3060.57 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ